# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 17 തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ

ആരോഗ്യവും കയറും വകുപ്പുമന്ത്രി
ജലവിഭവ വകുപ്പുമന്ത്രി
ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

<u>ദേശീയ ജലപാത യാഥാർത്ഥ്യമാക്കുവാൻ നടപടി</u>

*361 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, പി. സി. വിഷ്ണുനാഥ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ ജലപാത യാഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ദേശീയ ജലപാതയെ സംബന്ധിച്ച് കേന്ദ്രവുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(സി) ഇത് യാഥാർത്ഥ്യമാക്കുന്നതിന് സംസ്ഥാനത്തിന്റെ പൂർണ്ണ സഹകരണം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(ഡി) ഇതിന്മേൽ കേന്ദ്രത്തിന്റെ സമീപനമെന്താണ് ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കയർ കമ്മീഷൻ റിപ്പോർട്ട്</u>

*362 ശ്രീ. എ.എം. ആരിഫ്
,, ജി. സുധാകരൻ
,, കെ. ദാസൻ
ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർതൊഴിലാളികളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കയർ കമ്മീഷൻ റിപ്പോർട്ടിലെ പ്രമുഖ ശുപാർശകൾ എന്തൊക്കെയായിരുന്നു;

(സി) ശുപാർശകളിൽ സർക്കാർ അംഗീകരിച്ചവ ഏതൊക്കെയാണ്?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ക്ലിനിക്കൽ പരിശോധനാ ലാബുകളുടെ നിയന്ത്രണം

*363 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, മഞ്ഞളാംകുഴി അലി
,, പി. ബി. അബ്ദുൾറസാക്
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ലിനിക്കൽ പരിശോധനാ ലാബുകളിന്മേൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണാധികാരങ്ങളുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വ്യാപ്തി എത്രത്തോളമാണെന്നതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(സി) സംസ്ഥാന സർക്കാരിനു കീഴിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന ഏതൊക്കെ ലബോറട്ടറികൾക്ക് നാഷണൽ അക്രഡിറ്റേഷൻ ഫോർ ടെസ്റ്റസ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ് ഇൻ ഇൻഡ്യ (ചഅആഘ) എന്ന സ്ഥാപനത്തിന്റെ അനുമതി പത്രം ലഭിച്ചിട്ടുണ്ടെന്നതു സംബന്ധിച്ച വിവരം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ;

(ഡി) സ്വകാര്യലാബുകൾ പലതും ശരിയായ പരിശോധനാ റിപ്പോർട്ടുകളല്ല നൽകുന്നതെന്നും, അമിത ഫീസ് ഈടാക്കുന്നു എന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതു നിയന്ത്രിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതേക്കുറിച്ച് ആലോചിക്കുമോ ?

# കേരള നിയമസഭ

## 17.10.2011-ലെ മറുപടിക്ക്

<u>ആർ. ടി. ഓഫീസുകളുടെ പ്രവർത്തനം</u>

*364 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. ടി. ഓഫീസുകളുടെ പ്രവർത്തനം സുതാര്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ആർ. ടി. ഓഫീസുകളുമായി ബന്ധപ്പെട്ട് ഏജന്റുമാർ അമിത തുക ഈടാക്കിയാൽ നടപടി സ്വീകരിക്കുമോ;

(സി) ഏജന്റുമാരുടെ സേവനത്തിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഏജന്റുമാരുടെ സേവനം ആവശ്യമില്ലാത്ത കാര്യങ്ങളിൽ അവരുടെ പ്രവർത്തനം ഒഴിവാക്കി ഉത്തരവുണ്ടാകുമോ;

(ഇ) ആർ. ടി. ഓഫീസുകളിൽ ഓരോ ആവശ്യത്തിനും അടക്കേണ്ട ഫീസ് എത്രയാണെന്ന് പ്രസിദ്ധപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കാവേരി നദീജലം</u>

*365 ശ്രീ. എ. കെ. ബാലൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എം. ചന്ദ്രൻ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാവേരി നദീജല പദ്ധതിയിൽ നിന്നും ലഭിക്കുന്ന ജലത്തിന്റെ ഭൂരിഭാഗവും പാഴായി പോകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) നിർദ്ദിഷ്ട പദ്ധതികൾ നടപ്പാക്കുന്നതിലുള്ള കാലതാമസമാണ് കാവേരി ജലം കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് പ്രയോജനപ്പെടുത്താൻ കഴിയാത്തതിന്റ കാരണമെന്ന ആക്ഷേപം വിലയിരുത്തപ്പെട്ടിട്ടുണ്ടോ;

(സി) പാഴാക്കിക്കളയുന്ന ജലം കാർഷികമേഖലയ്ക്കുപയുക്തമായ നിലയിൽ ജലസേചന പദ്ധതികൾക്ക് രൂപം നൽകുമോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>ഡോക്ടർമാരുടെ സമരം</u>

*366 ശ്രീ. കെ.എൻ.എ ഖാദർ
,, സി. മമ്മുട്ടി
,, എൻ. എ. നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഡോക്ടർമാരുടെ ആവർത്തിച്ചുള്ള സമരം മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സ്വകാര്യമേഖലയെ സഹായിക്കാനാണ് സർക്കാർ ഡോക്ടർമാർ സമരങ്ങൾ സംഘടിപ്പിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ജനവിരുദ്ധമായ ഇത്തരം സമരങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ;

(ഡി) സർവ്വീസിൽ പ്രവേശിക്കുന്ന ഒരു സർക്കാർ ഡോക്ടർക്ക് ഇപ്പോൾ അലവൻസുകളുൾപ്പെടെ ലഭിക്കുന്ന പ്രതിമാസ ശമ്പളം എത്രയാണ്;

(ഇ) സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് പഠനം പൂർത്തിയാക്കുന്നതിന് ശരാശരി എത്ര തുക ചെലവാകും;

(എഫ്) കേരളത്തിലെ പ്രതിശീർഷവരുമാനത്തിന്റെയും ജീവിത ചെലവിന്റെയും അടിസ്ഥാനത്തിൽ ഡോക്ടർമാരുടെ മിനിമം ശമ്പളം കണക്കാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ അണക്കെട്ടും ഭൂകമ്പ സാദ്ധ്യതകളും</u>

*367 ശ്രീ. പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പരിസര പ്രദേശങ്ങളിൽ 2011 ജൂലായ് മാസത്തിലുണ്ടായ ഭൂചലനത്തെത്തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ പ്രദേശത്തിന്റെ ഭൂകമ്പ സാദ്ധ്യതകളേയും, ഭൂകമ്പമുണ്ടായാൽ ഡാമിനുണ്ടാകാവുന്ന ആഘാത സാദ്ധ്യതകളേയും കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) 'സെസ്സ്' ഈ വിഷയത്തിലുള്ള അഭിപ്രായം ജലവിഭവ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ അവരുടെ അഭിപ്രായം ശാസ്ത്രീയമാണെന്ന് കരുതുന്നുണ്ടോ;

(ഡി) ഐ.ഐ.ടി. ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അവരുടെ കണ്ടെത്തലുകൾ സംബന്ധിച്ച വിശദവിവരം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(ഇ) ഭൂകമ്പത്തിന്റെയും നിലനിൽക്കുന്ന ഭൂകമ്പസാദ്ധ്യതയുടെയും വെളിച്ചത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>സേഫ് വുമൺ ട്രാവൽ പദ്ധതി</u>

*368 ശ്രീ. എം. പി. വിൻസെന്റ്
,, കെ. അച്ചുതൻ
,, ജോസഫ് വാഴക്കൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേഫ് വുമൺ ട്രാവൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) ബസ് സ്റ്റാൻഡുകളിൽ വനിതകൾക്കായി പ്രത്യേക വിശ്രമകേന്ദ്രങ്ങൾ ഒരുക്കുമോ;

(സി) വനിതകൾക്കായി മെച്ചപ്പെട്ട ടോയ്‌ലറ്റ്സൗകര്യങ്ങളും സുരക്ഷയും ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>അവിവാഹിതരായ ആദിവാസി അമ്മമാർക്ക്</u>
<u>പുനരുദ്ധാരണ പാക്കേജ്</u>

*369

ശ്രീ. വർക്കല കഹാർ
,, വി. റ്റി. ബൽറാം
,, പാലോട് രവി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവിവാഹിതരായ ആദിവാസി അമ്മമാർക്കായുള്ള പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) ഈ പാക്കേജിന് എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(സി) പാക്കേജ് എന്ന് നടപ്പിലാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ജലഗതാഗത പദ്ധതികൾ</u>

*370 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' കെ. കുഞ്ഞമ്മത് മാസ്റ്റർ
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് ഗതാഗതം വാഹനപ്പെരുപ്പം മൂലം ബുദ്ധിമുട്ടുള്ളതായി മാറിയ സാഹചര്യത്തിൽ ജലഗതാഗതം ആധുനിക രീതിയിൽ പുന:സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോധ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ജലഗതാഗത സാദ്ധ്യതകൾ പ്രയോജനപ്പെടത്തക്കവിധത്തിൽ കൂടുതൽ സ്റ്റേഷനുകളും സർവ്വീസുകളും തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിവിധ ജലമാർഗ്ഗങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ജലാഗതാഗത പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 17.10.2011-ലെ മറുപടിക്ക്

ആദിവാസി, ദളിത് സമുദായങ്ങളിലെ കുട്ടികളിൽ സ്കൂൾ പഠനം പൂർത്തിയാക്കാതെ കൊഴിഞ്ഞു പോക്കൽ

*371 ശ്രീ. മഞ്ഞളാംകുഴി അലി
,, സി. മമ്മൂട്ടി
,, പി. ബി. അബ്ദുൾ റസാക്
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി, ദളിത് സമുദയങ്ങളിലെ കുട്ടികളിൽ സ്കൂൾ പഠനം പൂർത്തിയാക്കാതെ കൊഴിഞ്ഞു പോകുന്നവരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധന ഉണ്ടാകുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ കണ്ടെത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ലാഭകരമല്ലാത്ത വിഭാഗത്തിൽപെടുന്ന സ്കൂളുകളിൽ ആദിവാസി വിദ്യാർത്ഥികളുടെ കേന്ദ്രീകരണമുണ്ടാകുന്നതുകൊണ്ടുള്ള അസന്തുലിതാവസ്ഥ കൊഴിഞ്ഞുപോക്കിനു കാരണമാകുന്നുണ്ടോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) കുടുംബത്തിലെ ദരിദ്ര്യവും സാമൂഹ്യ സാഹചര്യങ്ങളും കുട്ടികളുടെ പഠനത്തെ ബാധിക്കാതിരിക്കാൻ ആദിവാസി മേഖലയിൽ എന്തെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ ;

(ഇ) ഒന്നോ രണ്ടോ കിലോമീറ്റർ ചുറ്റളവിൽ ആദിവാസി കുട്ടികൾക്ക് സ്കൂൾ പഠനസൗകര്യം ഏർപ്പെടുത്താനുള്ള കർമ്മ പദ്ധതിക്ക് രൂപം നല്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ആലംബഹീനരായ രോഗികൾക്കായി പ്രത്യേക ആശുപത്രികൾ</u>

*372 ശ്രീ. വി. പി. സജീന്ദ്രൻ
,, റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലംബഹീനരായ രോഗികളെ പരിചരിക്കുവാൻ പ്രത്യേക ആശുപത്രികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ആലംബഹീനരായ രോഗികളെ താമസിപ്പിച്ചിരിക്കുന്ന വാർഡുകളിലെ സൗകര്യം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ട്രാഫിക് നിയമലംഘനങ്ങൾ

*373 ശ്രീ. ഹൈബി ഈഡൻ
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് നിയമലംഘനങ്ങൾ തടയാൻ റോഡ് സെയ്ഫ്റ്റി അതോറിറ്റി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനായി ട്രാഫിക് അതീവജാഗ്രതാ സംവിധാനം നടപ്പിലാക്കുമോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് മുഴുവനും ഈ സംവിധാനം ഏർപ്പെടുത്തുമോ;

(ഡി ഈ സംവിധാനം ഏതൊക്കെ ഏജൻസികൾ/വകുപ്പുകളുടെ സഹായത്തോടെയാണ് നടപ്പാക്കുന്നത്?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ജില്ലാ ആശുപത്രികളിലെ ഓങ്കോളജി വിഭാഗം

*374 ശ്രീ. പി. തിലോത്തമന്‍
,, വി. എസ്. സുനില്‍ കുമാര്‍
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജില്ലാ ആശുപത്രികളില്‍ ക്യാന്‍സര്‍ രോഗ ചികിത്സാ സൗകര്യങ്ങള്‍ ഏര്‍പ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കില്‍ പ്രസ്തുത സൗകര്യം ലഭ്യമല്ലാത്ത എത്ര ജില്ലാ ആശുപത്രികളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം ജില്ലാ ആശുപത്രികളില്‍ ഓങ്കോളജി വിഭാഗം പ്രവര്‍ത്തിക്കുന്നുണ്ട് ; ഓരോ ആശുപത്രിയിലും പ്രസ്തുത വിഭാഗത്തിലെ ഡോക്ടര്‍മാരുള്‍പ്പെടെ ആവശ്യമായ ജീവനക്കാരുടെ എണ്ണം എത്ര വീതമെന്നു വ്യക്തമാക്കാമോ ;

(സി) ഓങ്കോളജി വിഭാഗമുള്ള ഏതെല്ലാം ജില്ലാ ആശുപത്രികളിലാണ് മതിയായ ജീവനക്കാരില്ലാത്തതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കൊതുക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ</u>

*375 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. വി. ശിവൻകുട്ടി
,, എസ്. ശർമ്മ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ കൊതുക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ഏജൻസികൾ വഴി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്; ഈ രംഗം നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണ്;

(ബി) കൊതുക് സാന്ദ്രതാ പഠനങ്ങൾ നടക്കുന്നുണ്ടോ; ജില്ലാ തലത്തിൽ വെക്ടർ കൺട്രോൾ യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) കൊതുക്ജന്യ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി പ്രയോജനപ്പെടുത്താവുന്നതും നിലവിലില്ലാത്തതുമായ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പഠനം ഉപേക്ഷിക്കേണ്ടി വന്ന ആദിവാസി വിദ്യാർത്ഥികൾ</u>

*376 ശ്രീ. റ്റി. വി. രാജേഷ്
,, കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗകര്യങ്ങളുടെ കുറവുമൂലം പഠനം പാതിവഴിയ്ക്ക് ഉപേക്ഷിക്കേണ്ടി വന്ന ആദിവാസി വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഉണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്ന് ഒന്നാം ക്ലാസ്സിൽ പ്രവേശനത്തിനർഹതയുള്ള എത്ര പേർ സ്കൂളിൽ പ്രവേശിക്കാതിരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

വെള്ളക്കരം

*377 ശ്രീ. എം. ഹംസ
,, പുരുഷൻ കടലുണ്ടി
,, സി. കൃഷ്ണൻ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിക്ക് വെള്ളക്കരകുടിശ്ശികയിനത്തിൽ വൻതുക പിരിഞ്ഞുകിട്ടാനുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അതോറിറ്റി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(സി) വൻകിട സ്ഥാപനങ്ങളിലും ഹോട്ടലുകളിലും വ്യാവസായിക സ്ഥാപനങ്ങളിലും നിന്ന് വൻതുക പിരിഞ്ഞുകിട്ടാത്തതിന്റെ പിന്നിൽ അതോറിറ്റി ജീവനക്കാരാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ .

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>നേത്രബാങ്കു വഴിയുള്ള സേവനങ്ങൾ</u>

*378 ശ്രീ. എ.എ. അസീസ്
,, കോവൂർ കഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേത്ര ചികിത്സ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നേത്രദാനം വ്യാപകമാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) നേത്രബാങ്കുകൾ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നു;

(ഡി) നേത്രബാങ്കുകൾ വഴി ഇപ്പോൾ നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യബസ്സുകളുടെ അനധികൃത സർവ്വീസുകൾ</u>

*379 ശ്രീ. കെ. രാധാകൃഷ്ണൻ
,, എളമരം കരീം
,, കെ. വി. അബ്ദുൾ ഖാദർ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ബസ്സുകൾക്ക് സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ എന്ന നിലകളിൽ സർവ്വീസ് നടത്തുന്നതിന് സർക്കാർ മാനദണ്ഡം നിശ്ചയിച്ച് അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ മുൻസർക്കാരിന്റെ നയം വിലയിരുത്തിയിട്ടുണ്ടോ ;

(സി) സ്വകാര്യബസ്സുകൾ അനധികൃതമായി സൂപ്പർഫാസ്റ്റും ഫാസ്റ്റ് പാസഞ്ചറുമായി സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരത്തിൽ സ്വകാര്യബസ്സുകളിൽ സർവ്വീസ് നടത്തുന്നതുമൂലം വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം ലഭിമാകാത്ത സാഹചര്യം മനസ്സിലാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്സുകളിലും ഹെവി വാഹനങ്ങളിലും വേഗപ്പൂട്ട്</u>

*380 ശ്രീ. ചിറ്റയം ഗോപകുമാർ
,, മുല്ലക്കര രത്നാകരൻ
,, കെ. രാജു
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ബസ്സുകളിലും ഹെവി വാഹനങ്ങളിലും വേഗപ്പൂട്ട് (സ്പീഡ് ഗവേർണർ) സ്ഥാപിക്കണമെന്ന ഹൈക്കോടതി ഉത്തരവ് ഗതാഗത വകുപ്പിന് ലഭിച്ചതെന്നാണ്;

(ബി) പ്രസ്തുത ഉത്തരവിനു ശേഷം സംസ്ഥാനത്ത് എത്ര വാഹനങ്ങളിൽ വേഗപ്പൂട്ട് ഘടിപ്പിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത ഉത്തരവ് നടപ്പാക്കാൻ ലോകായുക്ത നിർദ്ദേശമുണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ എന്തെല്ലാ നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ലോകായുക്താ നിർദ്ദേശത്തിനുശേഷം ഇതുവരെ എത്ര വാഹനങ്ങളിൽ വേഗപ്പൂട്ട് ഘടിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാന ജലപാത</u>

*381 ശ്രീ. സി. മമ്മൂട്ടി
,, റ്റി.എ. അഹമ്മദ് കബീർ
,, എൻ.എ. നെല്ലിക്കുന്ന്
,, കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനജലപാതയുടെ വീതിയും ആഴവും സംബന്ധിച്ച് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോവളം മുതൽ കൊല്ലംവരെയും, കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുയുമുള്ള ജലപാതയുടെ നിലവിലെ ശരാശരി വീതിയും ആഴവും സംബന്ധിച്ച വിവരം ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) ഈ ജലപാതയുടെ പുനർനിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി ഏറ്റെടുത്തുനടപ്പാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്;

(ഡി) കോവളം-കൊല്ലം ജലപാതയുടെ പണികൾ ഏതെല്ലാം റീച്ചിൽ പൂർത്തിയായിട്ടുണ്ട്;

(ഇ) സംസ്ഥാന ജലപാതാവികസനത്തിനായി മുൻ സർക്കാരിന്റെ കാലത്ത് വിവിധ പണികൾക്കായി എന്തു തുക ചെലവഴിച്ചു;

(എഫ്) ഈ പണികളോടനുബന്ധിച്ച് നീക്കം ചെയ്യേണ്ടി വന്ന മണലിന്റെ വിനിയോഗവ്യവസ്ഥ നിശ്ചയിച്ചിട്ടുണ്ടോ; അതു സംബന്ധിച്ചവിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ബോട്ടുയാത്രക്കാർക്കും ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ</u>

*382 ശ്രീ. ലൂഡി ലൂയിസ്
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലഗതാഗത വകുപ്പിന്റെ ബോട്ടുകളിലെ യാത്രക്കാർക്കും ജീവനക്കാർക്കും ഏതെല്ലാം സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(ബി) യാത്രക്കാർക്കും ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ തയ്യാറാകുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇൻഷ്വറൻസ് പരിരക്ഷ എന്നുമുതൽ നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

സ്പീഡ് ഗവേർണർ

*383 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് ബസ്സുകൾ , കെ. എസ്. ആർ. ടി. സി ബസ്സുകൾ ടിപ്പർ, ടാങ്കർ, ട്രെയിലർ, സ്കൂൾ വാഹനങ്ങൾ, സ്കൂൾ കുട്ടികളുമായി പോകുന്ന വാഹനങ്ങൾ എന്നിവയിൽ സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ മേൽപ്പറഞ്ഞ വാഹനങ്ങളിൽ സ്പീഡ് ഗവേർണർ നിർബന്ധമായും ഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) റോഡിൽ വാഹനങ്ങളുടെ സ്പീഡ് പരിശോധനയ്ക്ക് സ്പീഡ് പരിശോധനാവാഹനം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>അവയവദാനം നടത്തുന്നതിന് നിയമനിർമ്മാണം</u>

*384 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എം. പി. വിൻസെന്റ്
,, വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവയവദാനം നടത്തുവാൻ സന്നദ്ധരായവരുടെ ഓൺലൈൻ ഡാറ്റാ ബാങ്ക് ശേഖരിക്കുമോ ;

(ബി) മസ്തിഷ്ക്കമരണം സംഭവിച്ചവരുടെ അവയവങ്ങൾ ദാനം ചെയ്യുന്നതിന് മറ്റു സംസ്ഥാനങ്ങളുടെ മാതൃകയിൽ ഒരു നിയമം കൊണ്ടുവരുമോ ; വിശദമാക്കാമോ ;

(സി) അവയവദാതാക്കളുടെ സമ്മതപത്രം തിരിച്ചറിയൽ രേഖകളിൽ രേഖപ്പെടുത്തുന്നതിന് അവസരം നൽകുന്ന നിയമഭേദഗതി കൊണ്ടു വരുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ആദിവാസി കോളനികളുടെൾ സ്വയംപര്യാപ്തത</u>

*385 ശ്രീ. എം.എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി.പി. മുഹമ്മദ്
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ഉപജീവനരക്ഷ ഉറപ്പാക്കുന്നതിനുള്ള സംയോജിത വികസന പരിപാടിയിൽ എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളത്;

(ബി) എല്ലാ ആദിവാസി കോളനികളും സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിന് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം;

(സി) ഏതെല്ലാം സാമൂഹ്യ സാമ്പത്തിക വികസന പരിപാടികളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ആദിവാസികളുടെ പരമ്പരാഗതതൊഴിൽ മേഖല</u>

*386 ശ്രീ. വി. റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികളുടെ പരമ്പരാഗതതൊഴിൽ മേഖല സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഈ മേഖലയെ സംരക്ഷിക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാണോ ;

(സി) ഈ മേഖലയിൽ നിന്നുള്ള ഉല്പന്നങ്ങളുടെ ലാഭകരമായ വിപണനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി സി യിൽ ടയർ നിർമ്മാണം

*387 ശ്രീ. ജെയിംസ് മാത്യു
,, എം.എ. ബേബി
,, എളമരം കരീം
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ടിക്കറ്റിതര വരുമാന ത്തിനായി കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഒരു ടയർ നിർമ്മാണ കമ്പനി ആരംഭിക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും പഠനങ്ങൾ നടന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ ഉപയോഗയോഗ്യമായ സ്ഥലവും അസംസ്കൃത വസ്തുവായ റബ്ബറിന്റെ ലഭ്യതയും നിർമ്മാണത്തിന് അനുകൂല ഘടകങ്ങളായി സർക്കാർ കരുതുന്നുണ്ടോ;

(സി) നിർമ്മിക്കുന്ന ടയറുകൾ കോർപ്പറേഷന്റെ ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയുമെന്നതിനാൽ വിപണനം സുഗമമായി നടത്താൻ കഴിയുമെന്ന് സർക്കാർ വിലയിരുത്തിയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരത്തിലൊരു ടയർ കമ്പനി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>സ്റ്റെന്റുകളുടെ വില്പന</u>

*388 ശ്രീ. തോമസ് ഉണ്ണിയാടന്‍
,, റോഷി അഗസ്റ്റിന്‍
,, പി. സി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അന്‍ജിയോപ്ലാസ്റ്റി ചെയ്യുന്നതിന് ഉപയോഗിക്കുന്ന സ്റ്റെന്റി'ന്റെ വില്പനയില്‍ രോഗികള്‍ ചൂഷണത്തിന് വിധേയരാകുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) എത്ര തരം സ്റ്റെന്റുകളാണ് വിപണിയില്‍ ലഭ്യമാകുന്നത്; ഇവയുടെ പ്രത്യേകതകള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സ്റ്റെന്റുകളുടെ വിലയിലുളള അന്തരത്തെ സംബന്ധിച്ചും സവിശേഷതകളെ കുറിച്ചും അവബോധം നല്‍കുന്നതിന് നിലവില്‍ സംവിധാനമുണ്ടോ; ഇല്ലെങ്കില്‍ ആയതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജീവന്‍ രക്ഷക്കുളള ഇത്തരം സാമഗ്രികള്‍ വാങ്ങാന്‍ നിര്‍ബന്ധിതരാകുന്നവരെ ചൂഷണത്തില്‍ നിന്ന് മുക്തരാക്കാന്‍ എന്തെല്ലാം നടപടി കൈക്കൊളളാന്‍ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ ഹെൽത്ത് പ്രോഗ്രാം കുറ്റമറ്റതാക്കാൻ നടപടി</u>

*389 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കായുള്ള ഹെൽത്ത് പ്രോഗ്രാമിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(ബി) അതിനായി ഓരോ വർഷവും നീക്കിവയ്ക്കുന്ന തുക എത്രയാണ്;

(സി) പ്രസ്തുത പ്രവർത്തനങ്ങൾ കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ മോണിറ്ററിംഗ് സമിതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) സ്കൂൾ ഹെൽത്ത് പ്രോഗ്രാം കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>ശബരിമലയിലെ മാലിന്യപ്രശ്നം</u>

*390 ശ്രീ. കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കേന്ദ്ര സർക്കാർ, ഇതര സംസ്ഥാനങ്ങളിലെ മാലിന്യ നിർമ്മാർജ്ജന രംഗത്തു പ്രവർത്തിക്കുന്ന ഏജൻസികൾ ഇവിരെയൊക്കെ ഉൾപ്പെടുത്തി ശാശ്വതമായ ഒരു പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പമ്പാനദി തീരത്തെ മാലിന്യമുക്തമാക്കാൻ കേന്ദ്ര സർക്കാർ തലത്തിൽ എന്തൊക്കെ പദ്ധതികളുണ്ടെന്ന് അറിവുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 8.

"T" ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.